# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2269 18.12.2012 ലെ മറുപടിക്ക്

### ജലഗതാഗതവകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ. ബേബി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ജലഗതാഗതവകുപ്പിന്റെ പ്രവർത്തനങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ പോഞ്ഞിക്കരയിലും തേവരയിലും പയ്യന്നൂരും ആധുനിക സ്ലിപ്‌വേകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ തേവരയിൽ പൂർത്തീകരിച്ച് യാർഡ് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ പോഞ്ഞിക്കരയിൽ പണി പൂർണ്ണമായും തീർന്നുകഴിഞ്ഞു. അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തി ഏതാനും മാസങ്ങൾക്കുള്ളിൽ യാർഡ് പ്രവർത്തന സജ്ജമാകുന്നതാണ്. പയ്യന്നൂരിലെ സ്ലിപ് വേ നിർമ്മാണം പുരോഗമിച്ചുവരുന്നു. കാലപ്പഴക്കം ചെന്ന തടി ബോട്ടുകൾക്ക് പകരം നല്കുന്നതിനും പുതിയ സർവ്വീസ് ആരംഭിക്കുന്നതിനുമായി 18 സ്റ്റീൽ ബോട്ടുകൾ കഴിഞ്ഞ രണ്ട് വർഷം കൊണ്ട് വാങ്ങി. കെ.ഐ.വി റൂൾ അനുശാസിക്കുന്ന പ്രകാരം ലൈഫ് ജാക്കറ്റുകൾ ഉൾപ്പെടെയുള്ള ജീവൻ രക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ ക്രമീകരിക്കുകയും ജീവനക്കാർക്കും യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തു. ആധുനികവത്കരണത്തിന്റെ ഭാഗമായി എല്ലാ സ്റ്റേഷൻ ഓഫീസുകളും കമ്പ്യൂട്ടർവത്കരിക്കുകയും ബോട്ടുകളിൽ ടിക്കറ്റ് വെൻഡിംഗ് മെഷീൻ ഏർപ്പെടുത്തുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | കരമാർഗ്ഗം യാത്രാ സൗകര്യങ്ങൾ കുറഞ്ഞതും, പാവപ്പെട്ടവർ അധിവസിക്കുന്നതുമായ മേഖല യിലേക്ക് സർവ്വീസ് നടത്തുന്നതു കൊണ്ട് പ്രസ്തുത വകുപ്പിന്റെ കാര്യക്ഷമത ഉറപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | കരമാർഗ്ഗം യാത്രാസൗകര്യങ്ങൾ കുറഞ്ഞ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ നല്കുന്നുണ്ട്. മറ്റ് യാത്രാ സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ലാഭേച്ഛ കൂടാതെ സർവ്വീസ് നടത്തുന്നുണ്ട്. ഈ നയങ്ങളുടെ അടിസ്ഥാനത്തിൽ രണ്ട് സർവ്വീസ് ആലപ്പുഴയിലും ഒരു സർവ്വീസ് കാസറഗോഡ് പറശ്ശിനിക്കടവിലും പുതിയതായി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.